**CHAPTER - 1**

## INTRODUCTION TO PUBLISHING

⏩ എന്താണ് **പബ്ലിഷിംഗ് :** വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം.
പബ്ലിഷിംഗ് രണ്ടുതരം : **പബ്ലിഷിംഗ് ത്രൂ പ്രിന്റ് മീഡിയ, പബ്ലിഷിംഗ് ത്രൂ ഇലക്ട്രോണിക് മീഡിയ**

### 1. പബ്ലിഷിംഗ് ത്രൂ പ്രിന്റ് മീഡിയ

പബ്ലിഷിംഗ് ത്രൂ പ്രിന്റ് മീഡിയയിലെ 3 പ്രവർത്തനങ്ങൾ : **1.1 പ്രീപ്രെസ്സ്, 1.2. പ്രിന്റിങ്, 1.3. പോസ്റ്റ്പ്രസ്**

**1.1 പ്രീപ്രെസ്സ് :**ഡോക്യുമെന്റ് പ്രിന്റ് ചെയ്യുന്നതിന് മുന്നേ ഉള്ള പ്രവർത്തനം.
ഉദാ: ലേഔട്ട് സെറ്റിങ്,ബുക്ക് സൈസ് തീരുമാനിക്കുക
**DTP**(DeskTop Publishing) : സോഫ്റ്റ്‌വെയർ ഉപയോഗിച്ചു ഡോക്യൂമെന്റിന്റെ ലേഔട്ട് സെറ്റ് ചെയ്യുന്നു. **ഉദാഹരണം:** സ്ക്രൈബസ്, അഡോബ് ഇൻഡിസൈൻ, ക്വാർക് എക്സ്പ്രസ്സ്

**പ്രീപ്രെസ്സ് ആക്ടിവിറ്റികൾ**

A.ഡിസൈനിങ്　B.പ്രീ-ഫ്ലൈറ്റിങ്　C.ക്രിയേറ്റിങ് പ്രൂഫ്　D.പ്രിന്റിങ് പ്ലേറ്റ്സ്

**1.1.A. ഡിസൈനിങ് :**

***1.1.A.1. ഡിസൈൻ ഘടകങ്ങൾ ( എലെമെന്റ്സ് ഓഫ് ഡിസൈൻ )***

**1.ലൈൻ :** സ്പെയ്സ് വിഭജിക്കാനും ഒരു പ്രത്യേക സ്ഥലത്തേക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ .
**2. ഷെയ്പ് :** പേജുകളെ ആകർഷകമാക്കാൻ ഷെയ്പ് (സമചതുരം,വൃത്തം) ഉപയോഗിക്കുന്നു.
**3. കളർ :** വായിക്കുന്ന ആളുകളുടെ മൂഡിനെ കളർ സ്വാധീനിക്കുന്നു.
**4. സ്പേസ് :** ചിത്രങ്ങളുടെ ആഴം സൃഷ്ടിക്കുന്നു.
**5. ടൈപ്പോഗ്രഫി :** ഡോക്യുമെന്റ് വായിക്കാവുന്നതും മനോഹരവുമാക്കുന്നതിനും അക്ഷരങ്ങൾ ക്രമീകരിക്കുന്നതിനുള്ള സാങ്കേതികതയാണിത്.




**ഫോണ്ടുകൾ രണ്ടു തരത്തിലുണ്ട് :

**സാൻസ് സെരിഫ് :** പാദങ്ങളില്ലാത്ത ഫോണ്ടുകൾ
**സെരിഫ് :** പാദങ്ങളുള്ള ഫോണ്ടുകൾ.

***1.1.A.2. ഡിസൈൻ തത്വങ്ങൾ ( പ്രിൻസിപ്പിൾസ് ഓഫ് ഡിസൈൻ )***

**1. ബാലൻസ്** : ഒബ്ജക്റ്റ്,കളർ,ടെസ്റ്റുകൾ എന്നിവയെ വിദഗ്ധമായി പേജിൽ ക്രമീകരിക്കുന്നു.
**2. റീപെറ്റീഷൻ :** പേജിൽ പാറ്റേണുകൾ ആവർത്തിച്ച് ആർട് വർക്കുകളെ ആകർഷണമാക്കുക.
**3. കോൺട്രാസ്റ് :** കളർ,ദിശകൾ മറ്റൊന്നിൽ നിന്ന് വ്യത്യസ്തമാക്കാൻ ഉപയോഗിക്കുന്നു.
**4. ഹാർമണി :** കാഴ്ച്ചയിൽ ഒരേപോലുള്ള ഭാഗങ്ങൾ ഭംഗിയാക്കാൻ.
**5. യുണിറ്റി :** ഡിസൈൻ വർക്കിന്റെ വ്യത്യസ്ത ഘടകങ്ങളെ ഒന്നിച്ച് ക്രമീകരിക്കുന്നു.
**6. ഡൊമിനൻസ്:** നിറമോ,വലിപ്പമോ നൽകി പേജിലെ ഘടകങ്ങൾക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുന്നു.

**1.1.B പ്രീ-ഫ്ലൈറ്റിങ് :** പ്രിന്റിങ്ങിനു മുമ്പ് പേജുകൾ എല്ലാം കൃത്യമായിട്ട് ഉണ്ടോ എന്ന് ഈ ഘട്ടത്തിൽ പരിശോധിക്കും. പ്രസിദ്ധീകരണത്തിനായി ഒരു രേഖ തയ്യാറാക്കുന്ന പ്രക്രിയയാണ് : പ്രീ പ്രസ് / പ്രീ-ഫ്ലൈറ്റിംഗ് / ഡിസൈനിംഗ്
**1.1.C. ക്രിയേറ്റിങ് പ്രൂഫ് :** പൂർത്തീകരിച്ച ഡിസൈൻ പ്രിൻറ് ചെയ്യുമ്പോൾ എപ്രകാരമാണ് കാണപ്പെടുന്നത് എന്ന് മനസ്സിലാക്കാൻ സഹായിക്കുന്നു.
PDF ന്റെ പൂർണ രൂപം : **പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റ്**
**1.1.D. പ്രിന്റിങ് പ്ലേറ്റ്സ് :** പേജുകളിൽ പ്രിൻറ് ചെയ്യേണ്ട വസ്തുക്കൾ പ്രിൻറിംഗ് പ്ലേറ്റിൽ ഇമേജുകൾ ആയി പതിപ്പിക്കും.ഓഫ്-സെറ്റ് പ്രെസ്സുകളിൽ ഉപയോഗിക്കുന്നു.

teachbook.in

## 1.2 പ്രിന്റിങ്

**1.2.1. ലിത്തോഗ്രാഫിക് പ്രിന്റിങ് :** ഓഫ്-സെറ്റ് പ്രിന്റിങ് ടെക്നിക്കാണ്. പ്രിന്റിങ് പ്ലേറ്റുകളുടെ സഹായത്താൽ വ്യാവസായികമായി പ്രിന്റ് ചെയ്യുന്നു.

**1.2.2. ഡിജിറ്റൽ പ്രിന്റിങ് :** പ്രിന്റിങ് പ്ലേറ്റുകളല്ലാത്തതിനാൽ ഇമേജ് എഡിറ്റിംഗ് സാധ്യമാണ്. ലിത്തോഗ്രാഫിക് പ്രിന്റിനെ അപേക്ഷിച്ചു കോസ്റ്റ്, ക്വാളിറ്റി കൂടുതലാണ്.

***CMYK** - സിയാൻ, മജെന്ത,യെല്ലോ,ബ്ലാക്ക്

**1.2.3. ഗ്രേവിയർ പ്രിന്റിങ്:** പേപ്പർ,പ്ലാസ്റ്റിക്,ലോഹം,പാക്കേജിംഗ്,മെറ്റീരിയലുകൾ,അലുമിനിയം, ഫോയിൽപേപ്പർ എന്നിങ്ങനെയുള്ള വസ്തുക്കളിൽ ഉയർന്ന ക്വാളിറ്റിയിൽ പ്രിന്റ് ചെയ്യാൻ സാധിക്കുന്നു. ഉദാ: ലെയ്സ് കവർ.

**1.2.4. ഫ്ലെക്സോഗ്രാഫി:** ലേബലുകൾ,കാർഡ്ബോർഡ് ബോക്സുകൾ,ബാഗുകൾ,ഫ്ലെക്സിബിൾ പാക്കേജിംഗ് ഫിലിമുകൾ തുടങ്ങിയ പാക്കേജിംഗ് മെറ്റീരിയലുകളിൽ അച്ചടിക്കാൻ വ്യാപകമായി ഉപയോഗിക്കുന്ന രീതിയാണിത്.

**1.2.5. സ്ക്രീൻ പ്രിന്റിങ് :** ഫാബ്രിക്, പേപ്പർ, ടി-ഷർട്ടുകൾ, പോസ്റ്ററുകൾ, ബാനറുകൾ എന്നിവയിൽ കലാപരമായ ചിത്രങ്ങൾ, ചിഹ്നങ്ങൾ മെഷും മഷിയും ഉപയോഗിച്ച് സൃഷ്ടിക്കുന്നു.

## 1.3 പോസ്റ്റ് പ്രെസ്സ്

**1.3.1. ഫോൾഡിങ് :** പ്രിന്റ് ചെയ്തു വന്ന പേജുകളെ മടക്കുന്ന രീതിയാണിത്.

**1.3.2. അസ്സംബ്ലിങ് :** പ്രിന്റ് ചെയ്ത എല്ലാ പേജുകളും ക്രമത്തിൽ കൂട്ടിച്ചേർക്കുന്നതാണിത്.

**1.3.3. ബൈൻഡിങ് :** ഹാൻഡ് കവർ,സ്പൈറൽ,തെർമൽ ,സ്റ്റിച്ചേഡ് എന്നിവ

**1.3.4. കട്ടിങ് :**പേജുകളിലെ ക്രോപ് മാർക്കിനെ അടിസ്ഥാനമാക്കി മെഷീൻ മുഖേനയോ,കൈകൾ കൊണ്ടോ പേജുകൾ മുറിച്ചുമാറ്റുന്നു.

## 2.പബ്ലിഷിംഗ് ത്രൂ ഇലക്ട്രോണിക് മീഡിയ

ഇ-ബുക്കുകൾ, ഡിജിറ്റൽ മാസികകൾ എന്നിവയുടെ ഡിജിറ്റൽ പ്രസിദ്ധീകരണമാണിത്.

2.1 **രണ്ടുതരം ഇലക്ട്രോണിക് പബ്ലിഷിംഗ്** ഏതെല്ലാം ?

2.1.1 **വെബ് ബേസ്ഡ് പബ്ലിഷിംഗ്:**ഇന്റർനെറ്റിൽ ഉള്ളടക്കങ്ങൾ പ്രസിദ്ധീകരിക്കുന്ന പ്രക്രിയയാണ് വെബ് പബ്ലിഷിംഗ് അല്ലെങ്കിൽ ഓൺലൈൻ പ്രസിദ്ധീകരണം.
ഉദാ: വിക്കിപീഡിയ,ഓൺലൈൻ പത്രങ്ങൾ, ബ്ലോഗുകൾ

2.1.2. **ഡിജിറ്റൽ ഡിസ്ട്രിബൂഷൻ / ഡിജിറ്റൽ പബ്ലിഷിംഗ് :** ഇ-ബുക്കുകൾ, ഇ-ടെസ്റ്റുകൾ, ഇ-ജേണലുകൾ തുടങ്ങിയ ഇലക്ട്രോണിക് രീതിയിൽ പ്രസിദ്ധീകരിച്ച മെറ്റീരിയലുകൾ.

**2.2.ഇ-ബുക്ക് റീഡർ :** ഡിജിറ്റൽ പുസ്തകങ്ങൾ ( ഇ-ബുക്കുകൾ ) വായിക്കുന്നതിനുള്ള ഒരു പോർട്ടബിൾ ഇലക്ട്രോണിക് ഉപകരണമാണ്. ഉദാ : **ആമസോൺ കിൻഡിൽ, ആപ്പിൾ ഐപാഡ്**

2.3. PDF ഡോക്യൂമെന്റുകൾ വായിക്കാൻ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ ഏതെല്ലാം ?
ഉത്തരം: അഡോബി റീഡർ, ഫോക്സിറ്റ് , google ക്രോം ,Open Office.org , Nitro PDF

*****PDF : പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റ്**

teachbook.in